പരിഷത്തടുപ്പ്

പ്രവർത്തകരുടെ കൈപ്പുസ്തകം

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ഊർജം

മനുഷ്യൻ വളരുന്തോറും അവൻെറ ഊർജാവശ്യം വർധിച്ചുകൊണ്ടേ ഇരിക്കും. ഊർജം വികസനത്തിൻെറ അവിഭാജ്യഘടകമാണ്. ഊർജം = വികസനം എന്നതാണ് യാഥാർഥ്യം. പ്രവൃത്തി ചെയ്യാൻ വേണ്ട ഊർജം മെരുക്കിയെടുത്ത ഒരേ ഒരു ജീവി മനുഷ്യനാണ്.

വിവിധ ഊർജസ്രോതസ്സുകൾ മനുഷ്യൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മനുഷ്യൻ ഉപയോഗപ്പെടുത്തുന്ന ഏററവും പ്രധാന ഊർജം താപമാണ്. സൂര്യനുപുറമെ, കൽക്കരി, പ്രകൃതിവാതകങ്ങൾ, മണ്ണെണ്ണ, വൈദ്യുതി, വിറക് ഇവയിൽനിന്നാണ് താപോർജം ഉൽപാദിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ ഏററവും കൂടുതൽ താപോർജം ഇപ്പോൾ ലഭ്യമാവുന്നത് വിറകിൽ നിന്നാണ്.

ഇന്ത്യയിലെ മൊത്തം ഊർജാവശ്യത്തിൻെറ പകുതിയും ആഹാരം പാകം ചെയ്യുന്നതിനുവേണ്ടിയാണ്. കൃഷിയും വ്യവസായവും ഒരുമിച്ചുപയോഗപ്പെടുത്തുന്ന ഊർജത്തിൻെറ ഇരട്ടിയോളം വരുമിത്. മനുഷ്യൻെറ നിലനില്പിനാവശ്യമായതും പരിസ്ഥിതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതും പാചകത്തിനുള്ള ഊർജമാണ്. ഇന്ത്യയിൽ വീട്ടാവശ്യത്തിനുള്ള ഊർജത്തിൻെറ 56 %വും സമ്പാദിക്കുന്നത് വിറകിൽനിന്നാണ്. കേരളത്തിൽ ഇത് 80 ശതമാനത്തോളം വരും.

നിലവിലുള്ള ഊർജസ്രോതസ്സുകൾ രണ്ടുതരത്തിൽ പെടുന്നു. 1. പുതുക്കപ്പെടുന്നവ. 2. എടുത്താൽ തീരുന്നവ. ജലം, തടി, വായു ഇവയൊക്കെ ഒന്നാമത്തെ വിഭാഗത്തിലും കൽക്കരി, എണ്ണ തുടങ്ങിയവ രണ്ടാമത്തെ വിഭാഗത്തിലും പെടുന്നു. വിറക് ഉപഭോഗംകൊണ്ട് കുറഞ്ഞുവരുന്തോറും പ്രകൃതിയിൽ പുനഃസൃഷ്ടിക്കാവുന്നതാണ് എന്നതിനാൽ ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നതാണെങ്കിലും, ഫലത്തിൽ ഇന്ന് രണ്ടാമത്തെ വിഭാഗത്തിലാണ് പെടുന്നത്. വിറകിൻെറ വാർഷിക വളർച്ചാനിരക്കിനേക്കാൾ കൂടിയ തോതിലുള്ള ഉപഭോഗംകൊണ്ട് വിറക് ലഭ്യമല്ലാത്ത അവസ്ഥ വന്നുകൊണ്ടിരിക്കുകയാണ്.

ക്ഷാമം ഏറുന്തോറും വിലയും കൂടിവരുന്നു. കുടുംബ ബജററിൽ വിറകിൻെറ ചെലവ് കൂടിവരികയാണ്. വില കൊടുത്താലും കിട്ടാൻ വിഷമമുള്ള അവസ്ഥ ഇന്ന് പല യിടത്തുമുണ്ട്. വിറകിനുവേണ്ടി വീട്ടമ്മമാർ മൈലുകളോളം സഞ്ചരിക്കേണ്ടിവരുന്നു; വളരെയേറെ സമയം ചെലവഴി ക്കേണ്ടി വരുന്നു.

വിറകിൻെറ രംഗത്തുള്ള പ്രതിസന്ധി തരണം ചെയ്യാൻ രണ്ടു കാര്യങ്ങരം അടിയന്തിരമായി ചെയ്തേ പററൂ. ഒന്ന് ഉപഭോഗം കൂടുതൽ കാര്യക്ഷമമാക്കുക; രണ്ട്, പരമാവ ധി പുതിയ ഊർജസ്രോതസ്സുകരം ഉപയോഗപ്പെടു ത്തുക.

വിറകിൻെറ ആസൂത്രണം

ലോകത്തിൽ 500കോടി ജനങ്ങളിൽ 300കോടിയും (60 %) വിറകടുപ്പുകളിൽ പാചകം ചെയ്യുന്നു. ഇന്ത്യയിലെ ആകെ വീടുകളിൽ 14കോടി വീടുകളിലും നാടൻ അടുപ്പു കളാണുള്ളത്.കേരളത്തിലാകട്ടെ 45ലക്ഷം അടുപ്പുകളിലായി പ്രതിവർഷം 120–125ലക്ഷം ടൺ വിറക് ഉപയോഗി ക്കുന്നു. ഇതിൻെറവില 800കോടി രൂപയോളം വരും.

ഇപ്പോരം ഉപയോഗപ്പെടുത്തിവരുന്ന വിറക് യഥാർഥ ത്തിൽ ഇതിൽ കൂടുതൽ ഊർജാവശ്യം നിറവേററാൻ പര്യാ പ്തമാണ്. അതായത് ഇന്നത്തെ ഊർജാവശ്യം തൃപ്തി പ്പെടുത്താൻ ഇപ്പോരം ഉപയോഗിക്കുന്നത്ര വിറക് ആവശ്യ മില്ല. വിറകിൽനിന്നുള്ള താപം പരമാവധി ഉപയോഗപ്പെ ടുത്തുന്ന വിധത്തിൽ അടുപ്പുകരം സംവിധാനം ചെയ്യുന്ന തിലൂടെ വിറകിൻെറ ചെലവ് ചുരുക്കാൻ കഴിയും.

അടുപ്പ്–സ്ത്രീ–കുടുംബം

ഇന്ന് വിറകുശേഖരണത്തിന് സ്ത്രീകരംക്ക് കൂടു തൽ സമയം ചെലവഴിക്കേണ്ടിവരികയോ കുടുംബ ബജററി ൻെറ വർധമാനമായ ഭാഗം വിറകിനായി നീക്കിവെക്കേണ്ടി വരികയോ ചെയ്യുന്നു ഈ രണ്ട് കാര്യങ്ങളും ആ കുടുംബ ത്തിലെ കുട്ടികളുടെ വളർച്ച, വിദ്യാഭ്യാസം, എന്നിവയെ മാ ത്രമല്ല കുടുംബാരോഗ്യത്തെയാകെ ബാധിക്കും.

മിക്കവാറും വീടുകളിൽ 3 കല്ലുവെച്ച നാടൻ അടുപ്പാണ് ഉപയോഗിക്കുന്നത്. ഇത്തരം നാടൻ അടുപ്പുകളിൽ ഏകദേശം 10-12 % ഊർജമേ ഉപയോഗപ്പെടുത്താൻ പററുകയുള്ളു. നാടൻ അടുപ്പിൽ കൂടുതൽ വായു ലഭിക്കാനുള്ള സൗകര്യമില്ല. കത്തുമ്പോഴുണ്ടാകുന്ന ചൂടിൻെറ ചെറിയഭാഗം മാത്രമേ പാത്രത്തിന് കിട്ടുന്നുള്ളു. ബാക്കി വെറുതെ നഷ്ടമാകുകയും അടുക്കളയിലാകെ പരക്കുകയും ചെയ്യുന്നു.

നാടൻ അടുപ്പുകളുടെ ഉപയോഗം സ്ത്രീകളുടെ ആരോഗ്യത്തകർച്ചക്ക് കാരണമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. പുകയിൽ അടങ്ങിയ T. S. P, ബെൻസോ ആംഫാപൈറിൻ കാർബൺമോണോക്സൈഡ് മുതലായ മാരകവസ്തുക്കൾ ഒരളവോളം ശ്വാസകോശത്തിലേക്ക് കടന്നുചെല്ലുന്നു. ഇത് ശ്വാസകോശരോഗങ്ങൾക്കും വിളർച്ചക്കും മററും കാരണമാകും.

ചുരുക്കത്തിൽ വിറകിൻെറ ആസൂത്രണം എന്നത് കേവലം വിറക് ക്ഷാമത്തെ നേരിടാൻ മാത്രമല്ല കുടുംബത്തിൻെറ സാമ്പത്തിക—ആരോഗ്യ സംരക്ഷണത്തിൻെറ പ്രശ്നം കൂടിയാണ്.

വിവിധതരം അടുപ്പുകൾ

പഴഞ്ചൻ രീതിയിലുള്ള അടുപ്പുകളുടെ ഉപയോഗം സ്ത്രീകളിലുണ്ടാക്കുന്ന ആരോഗ്യത്തകർച്ച, വീടിനകത്തെ വൃത്തികേട്, വിറകിൻെറ ക്ഷാമം ഇവ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി നവീന മാതൃകയിലുള്ള അടുപ്പിനു വേണ്ടിയുള്ള ഗവേഷണം പലരാജ്യങ്ങളിലും നടന്നുവരുന്നുണ്ട്.

ഇന്ത്യയിൽത്തന്നെ ഇത്തരം ഗവേഷണ ഫലമായി പല മാതൃകയിലുള്ള അടുപ്പുകൾക്കും രൂപം നൽകപ്പെട്ടിട്ടുണ്ട്. അവ പ്രചരിച്ചുവരുന്നുമുണ്ട്. പരിഷത്തടുപ്പ്, പ്രിയാഗ്നി, സഹയോഗ്, അസ്ത്ര, തപോളി, കൃഷ്ണപ്രിയ തുടങ്ങിയവ ഇന്ത്യയിൽ പ്രചരിക്കുന്ന അടുപ്പുകളിൽ ചിലതാണ്.

പണ്ടുകാലത്തുതന്നെ ഗ്രാമീണരായ ആളുകൾ സ്വന്തം ബുദ്ധി ഉപയോഗിച്ച് പുതിയ മാതൃകയിലുള്ള അടുപ്പുകൾക്ക് രൂപം നൽകിയിട്ടുള്ളതായി തെളിവുകളുണ്ട്. കേര

ളത്തിൽ ഉപയോഗത്തിലുള്ള നാടൻ അടുപ്പുകളുമായി തന്നെ വ്യത്യസ്ത മാതൃകയിലുള്ളവയാണെന്നു കാണാം. മററു പല സംസ്ഥാനങ്ങളിലും ഇത്തരം പരിഷ്കരണ ശ്രമങ്ങൾ ഗ്രാമീണ ഭവനങ്ങളിൽ നടന്നിട്ടുണ്ട്. ഇത്തരം അന്വേഷണങ്ങൾ ശാസ്ത്രീയമാക്കുകയും സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും ചെയ്തതിൻെറ ഫലമായാണ് കൂടുതൽ ദക്ഷതയുള്ള മേൽപ്പറഞ്ഞ തരം അടുപ്പുകൾ ഉണ്ടായിട്ടുള്ളത്.

പരിഷത്തും പരിഷത്തടുപ്പും

കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിറകു് ക്ഷാമം, ഇപ്പോഴും ബഹുഭൂരിപക്ഷം സ്ത്രീകളും പുകക്കുള്ളിൽ ശ്വാസം മുട്ടേണ്ടി വരുന്ന ശോചനീയമായ സാഹചര്യം ഇവയെ നേരിടുന്നതിനുവേണ്ടിയുള്ള ശാസ്ത്ര സാഹിത്യപരിഷത്തിൻെറ അന്വേഷണ ഫലമാണ് പരിഷത്തടുപ്പ് (മോഡൽ 21,11,12).

സാധാരണ നാടൻ വിറകടുപ്പുകൾക്ക് ഏകദേശം 10–12 % ദക്ഷതയുള്ളപ്പോൾ പരിഷത്തടുപ്പുകൾക്ക് 24–30 % വരെ ദക്ഷതയുണ്ട്. അതിൻെറ അർത്ഥം നാടൻ അടുപ്പിൽ ഉപയോഗിക്കുന്ന വിറകിൻെറ $\frac{2}{5}$ഭാഗം വിറക് മതി പരിഷത്തടുപ്പിൽ എന്നാണ്. രണ്ടുതരം അടുപ്പുകളിലും ഒരാഴ്ച ഉപയോഗിച്ച വിറകിൻെറ അളവ് നോക്കിയാൽ ഇത് ശരിയാണെന്ന് മനസിലാകും. പരിഷത്തടുപ്പിൻെറ സമർത്ഥമായ ഉപയോഗം കൊണ്ട് വിറകിൻെറ ചെലവ് ഇനിയും കുറക്കുവാൻ കഴിയും.

നേരത്തെ സൂചിപ്പിച്ച ലക്ഷ്യങ്ങളോടൊപ്പം തന്നെ അടുപ്പ് പ്രചരിപ്പിക്കുമ്പോൾ മറെറാരു ലക്ഷ്യം കൂടി പരിഷത്തിനുണ്ട്. ലളിതമായ ഒരു സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിലൂടെ സ്വന്തം ജീവിതത്തിൽ പ്രകടമായ മാററം ദർശിക്കുന്ന ആളുകൾക്ക് (പ്രത്യേകിച്ച് സ്ത്രീകൾക്ക്)ശാസ്ത്രസാങ്കേതിക വിദ്യകളുടെ യഥാർത്ഥ പ്രയോഗത്തിലൂടെ നമ്മുടെ ജീവിതത്തെയാകെ മാററി മറിക്കാൻ സാധിക്കുമെന്ന ഉറച്ച വിശ്വാസം ഉണ്ടാക്കാൻ, ശുഭാപ്തി വിശ്വാസം സമൂഹത്തിൽ വളർത്താൻ ഈ അടുപ്പു പ്രവർത്തനം ഉപയോഗപ്പെടണം എന്നതാണ് പരിഷത്ത് ആഗ്രഹിക്കുന്നത്.


നിർമ്മാണം

പരിഷത്തടുപ്പ് ഉണ്ടാക്കാനുള്ള സാധനങ്ങൾ താഴെ പറയുന്നവയാണ്.

മോൾഡ്, 4 ഇഞ്ച് വ്യാസവും 10 അടി നീളവുമുള്ള പൈപ്പ്, 2 തറയോട് (9″വീതിയും 9″നീളവും ഉള്ളതായാൽ നന്ന്), രണ്ട് 6″ × 6″ ഗ്രേററിംഗ്, 30 നാടൻ ഇഷ്ടിക (ഫാക്ടറി ഇഷ്ടിക ഏകദേശം 25 മതിയാകും), 8 ചട്ടി ചരൽ ഇല്ലാത്ത മണ്ണ്, ഒരു ചട്ടി ഉമിക്കരി/അറക്കപ്പൊടി. 2 കി. ഗ്രാം കുമ്മായം ചാണകം കൂടി ഉണ്ടെങ്കിൽ കൂടുതൽ പശിമ കിട്ടുമെങ്കിലും ചാണകം കൂട്ടി ചവുട്ടിക്കുഴക്കുമ്പോൾ മണ്ണിൽ കല്ലോ, കുപ്പിച്ചില്ലോ മററുവല്ല കൂർത്ത സാധനങ്ങളോ ഉണ്ടെങ്കിൽ അതുകൊണ്ട് കാല് മുറിയുകയാണെങ്കിൽ ടെററനസ് പിടിപെടാനുള്ള സാധ്യതയുണ്ട്. ചാണകം കൈകാര്യം ചെയ്യുമ്പോൾ ദേഹത്തിൽ മുറിവുള്ള ഒരു ഭാഗവും അതുമായി സമ്പർക്കത്തിലേർപ്പെടാൻ അനുവദിക്കരുത്.


90 സെ. മീ സമചതുരവും 40–45 സെ മീ ഉയരവുമുള്ള തറയിലാണ് അടുപ്പ് സ്ഥാപിക്കുക. തറയുടെ ഉയരം ഇതിൽ കൂടരുത്; കുറയാം. തറ മുൻകൂട്ടി വീട്ടുകാർതന്നെ കെട്ടണം. മണ്ണ്, ഉമിക്കരി/അറക്കപ്പൊടി, കുമ്മായം ഇവ വീട്ടുകാർ കരുതിവെക്കണം. മററു സാധനങ്ങൾ പരിഷത്തിൻെറ ജില്ലാകമ്മററിയാണ് നൽകുക. ആവശ്യമെങ്കിൽ മാത്രമേ ഇഷ്ടിക എത്തിക്കുകയുള്ളു. സമീപ പ്രദേശത്ത് കിട്ടാനുണ്ടെങ്കിൽ വീട്ടുകാർ തന്നെയോ യൂണിററ് മുഖേനയോ ഇഷ്ടിക സംഭരിക്കണം. പരിശീലനം നേടിയ പരിഷത് പ്രവർത്തകരാണ് അടുപ്പ് ഫിററുചെയ്യുക. അവർ എത്തുന്ന നിശ്ചിത ദിവസത്തിനു മുമ്പേ തറ, സാധനങ്ങൾ എന്നിവ തയ്യാറായിരിക്കണം.

മോൾഡുകൾ തറയുടെ മേലെ വെച്ചുനോക്കി സ്ഥാനം നിർണയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. രണ്ട് മുഖ്യ അടുപ്പുകൾക്ക് അടയാളപ്പെടുത്തിയ സ്ഥാനങ്ങളിൽ 4″ × 4″ അളവിൽ വായു അറകെട്ടുകയാണ് രണ്ടാമത്തെ ജോലി. വായു അറ മുഖ്യ അടുപ്പിൻെറ $\frac{2}{3}$ ഭാഗം ഉള്ളിലേക്ക് കടക്കണം (15″ നീളം. ഇഷ്ടിക ഉപയോഗിച്ചാണ് വായു




ചിത്രം 1 മോഡൽ 21 ന്റെ ഭാഗങ്ങൾ

അറകെട്ടേണ്ടത്. മുഖ്യ അടുപ്പിന്റെ നേരെ അടിയിൽ വരത്തക്കവണ്ണം വായു അറയുടെ അററത്ത് അഴികൾ വിലങ്ങനെ വരുന്നവിധത്തിൽ ഗ്രേററിങ്ങുകൾ ഉറപ്പിക്കുക. അതിനുതൊട്ട് വായു അറയുടെ മീതെ തറയോട് ഉറപ്പിക്കണം. തറയോടിന്റെയും ഗ്രേററിങ്ങുകളുടെയും മേൽഭാഗം ഒരേ ലവലിൽ ആയിരിക്കണം. ഇതേ ലവലിൽ തറയാകെ ഉയർത്തിയശേഷം




ചിത്രം 2 വായു അറ: തറയോടും ഗ്രേററിങ്ങും സ്ഥാപിക്കുന്ന വിധം



ചിത്രം 3 ഘടകങ്ങളെല്ലാം യഥാസ്ഥാനത്ത്

കുഴൽ താങ്ങി യഥാസ്ഥാനത്ത് ഉറപ്പിക്കുകയും തുടർന്ന് മററ് മോൾഡുകൾ ഉറപ്പിക്കുകയും ചെയ്യണം. അനുബന്ധ കുഴലുകൾ ആദ്യത്തെതിൽനിന്ന് രണ്ടാമത്തെതിലേക്ക് മേൽപോട്ട് ചരിഞ്ഞ നിലയിൽ ഉറപ്പിക്കണം. ഇത്രയും കഴിയുമ്പോൾ അടുപ്പുകളുടെ മേലററം ഒരേ ലവലിൽ തന്നെ ആകാൻ പ്രത്യേകം ശ്രദ്ധിക്കണം. മോൾഡുകൾക്ക് ചുററും മണ്ണ്, ഉമിക്കരി/അറക്കപ്പൊടി ഇവയുടെ മിശ്രിതം കൊണ്ട് പൊതിഞ്ഞശേഷം മുഖ്യ അടുപ്പുകൾക്ക് മുന്നിൽ വിറകറ ഇഷ്ടികകൊണ്ട് കെട്ടിയുണ്ടാക്കണം. 4″ വിലങ്ങനെയും $3\frac{3}{4}$″ കുത്തനെയും 6″ നീളത്തിലും ഉള്ള വിറകറയാണ് വേണ്ടത്.



ചിത്രം 4 പണിതീർന്ന അടുപ്പ്

മുൻ അടുപ്പിൽനിന്ന് വായു അറയുടെ മുൻ അററത്തേക്ക് 9″ ഉണ്ടെങ്കിലും വിറകറയുടെ നീളം6″ മാത്രമേ ഉണ്ടാകേണ്ടതുള്ളു. ബാക്കിയുള്ള 3 ഇഞ്ച് സ്റെറപ്പ് ആയി ഇരിക്കണം. ഇത്രയും കഴിഞ്ഞാൽ ഇഷ്ടിക കെട്ടി തറ ഉയർത്തുക. അടുപ്പിൻെറ ലവലിനേക്കാരം അര ഇഞ്ച് ഉയരത്തിലാക്കണം തറ. ഇഷ്ടികക്കെട്ടിനകത്ത് മുൻപ് പറഞ്ഞ ഉമിക്കരി, അറക്കപ്പൊടി, മണ്ണ് എന്നിവ ചവിട്ടി പശയാക്കിയതിനുശേഷം അടുപ്പിന് ചുററും നിറക്കുക. ഇഷ്ടികലവൽ വരെ ഇങ്ങനെ നിറക്കാൻ ഉള്ള മണ്ണ് കരുതിയിരിക്കണം. മണ്ണ് നിറച്ചുകഴിഞ്ഞാൽ അടുപ്പിൻമേൽ വലിയ കലംവെച്ച് തിരിച്ച് അടുപ്പിൻെറ മേലററത്തിന് ആകൃതി കൊടുക്കുക. അടുപ്പിൻെറ എല്ലാഭാഗത്തിനും നല്ല ആകൃതിയുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം, മോരംഡു പൊതിയാൻ നേരത്തെ ഉപയോഗിച്ച അതേ മിശ്രിതംകൊണ്ട് കൊടിയടുപ്പിനകത്ത് ബാഫിരം ഉണ്ടാക്കുക. മുൻ അടുപ്പിൽ നിന്നുവരുന്ന വാതകങ്ങളെ നിയന്ത്രിച്ച് കൊടിയടുപ്പിലെ പാത്രത്തിൻെറ മൂട്ടിലേക്ക് തിരിച്ചുവിടാനുള്ള വരമ്പിനാണ് ബാഫിരം എന്നു പറയുന്നത്.

ബാഫിരം നിർമ്മിച്ചശേഷം പൈപ്പ് ഘടിപ്പിക്കുക. പൈപ്പ് മേൽക്കൂരയുമായി ചേരുന്നിടത്തുണ്ടാവുന്ന വിടവ് കുമ്മായം ഉപയോഗിച്ച് അടക്കുക. കുമ്മായം കിട്ടിയില്ലെങ്കിൽ മാത്രം കൂടുതൽ മണൽ ചേർത്ത സിമൻറ് ഉപയോഗിക്കുക. പൈപ്പ് താങ്ങിയും പൈപ്പും തമ്മിൽ ചേരുന്നിടത്തെ വിടവ് മണ്ണ് ഉപയോഗിച്ച് അടക്കുക. പൈപ്പുതാങ്ങിയുടെ വശത്തുള്ള വാതിൽ യഥാസ്ഥാനത്ത്വെച്ച് അതിൻെറ വിടവിലും മണ്ണ് തേച്ചുപിടിക്കുക. ഇത്രയുമായാൽ അടുപ്പ് സ്ഥാപിച്ചു കഴിഞ്ഞുവെന്നുപറയാം.

അടുപ്പ് നിർമ്മാണം തുടങ്ങുന്നതിനുമുമ്പേ തറയുടെ ചുററും പഴയ ചാക്കോ മറേറാ വിരിക്കണം. വീട്ടിനകത്ത് ചെളിയാകാതിരിക്കാനാണിത്. ഫിററിംഗ് കഴിഞ്ഞാൽ കംപ്ളീഷൻ സർട്ടിഫിക്കററ് പൂരിപ്പിക്കുക. സബ്സിഡി റസീററും ഒപ്പിട്ടുവാങ്ങണം.

കംപ്ലീഷൻ സർട്ടിഫിക്കററിൽ എല്ലാ കാര്യങ്ങളും എഴുതണം. ബ്ലോക്ക്, പഞ്ചായത്ത്, വാർഡ്, വീട്ടുനമ്പർ, വീടിൻെറ മേൽപ്പുരയുടെ സ്വഭാവം (ഓട്, ഓല, വാർപ്പ്)

തുടങ്ങിയ വിവരങ്ങൾ ഉണ്ടാകണം. അച്ചടിച്ചിട്ടില്ലെങ്കിൽ എഴുതി ചേർക്കണം.

ഗൃഹനാഥൻെറ വിലാസം എഴുതുമ്പോൾ, തപാൽ വിലാസം തന്നെ എഴുതണം. ഫിററുചെയ്ത പ്രവർത്തകൻെറപേര് ചേർക്കുന്നിടത്ത് പരിശീലനക്യാമ്പിൽ പങ്കെടുത്ത് സർട്ടിഫിക്കററ് നേടിയ ആളുടെ പേര് തന്നെ എഴുതണം. സബ്സിഡി റസീററിൽ റവന്യൂ സ്ററാമ്പൊട്ടിക്കണം. കംപ്ളീഷൻ സർട്ടിഫിക്കററിൽ കാണിച്ച അതേ ആാംതന്നെയാകണം സബ്സിഡിറസീററിലും ഒപ്പിടുന്നത്. പൂർണ്ണമായ മേൽവിലാസവും (ജില്ലയുടെ പേരുൾപ്പെടെ) ചേർക്കുകയും വേണം.

ഫോറങ്ങളിൽ ഏതെങ്കിലും ഒരുഭാഗം പൂരിപ്പിക്കാതെ വിട്ടുകളഞ്ഞിട്ടില്ല എന്നുറപ്പു വരുത്തണം.

ഓലമേഞ്ഞ വീടുകളിൽ അടുപ്പ് ഫിററു ചെയ്യുമ്പോൾ പൈപ്പിനുമുകളിൽ നേരിയ കമ്പിവലകൊണ്ട് മൂടണം. ഒരു വലക്കഷണം കൊടിയടുപ്പിൽനിന്ന് പൈപ്പിലേക്കുള്ള കുഴലിനകത്തും വെച്ചാൽ നന്ന്. ഓലയും, പൈപ്പും തമ്മിൻ ചേരുന്ന ഭാഗത്ത് പൈപ്പിന് ചുററും ചൂടേൽക്കാത്ത ഒരാവരണം കൂടി ഉണ്ടാകണം.

കെട്ടി ഉയർത്തിയ ചിമ്മിനിക്കകത്ത് അടുപ്പ് ഫിററു ചെയ്യുമ്പോൾ ചിമ്മിനിക്കകത്തുതന്നെ പൈപ്പ് ഫിററു ചെയ്യാം. ചിമ്മിനിയുടെ ഉയരത്തിനനുപാകത്തിൽ പരമാവധി 2 അടി വരെ കുഴൽ മുറിച്ചുകളയാം. വളരെ ഉയരക്കുറവുള്ള ചിമ്മിനിയാണെങ്കിൽ പൈപ്പ് ചുമരിനുപുറത്ത് ഫിററു ചെയ്യണം. അതിനു പാകത്തിൽ അടുപ്പുകൾ ചുമരിനടുത്ത് സ്ഥാപിക്കണം. കൊടിയടുപ്പിൽനിന്ന് L ആകൃതിയിലുള്ള അടപ്പുള്ള കുഴൽ പുറത്തേക്ക് കൊടുത്ത് അതിൻമേൽ പൈപ്പ് ഘടിപ്പിക്കണം. പൈപ്പ് ചുമരിൽ ഇരുമ്പ് പട്ടകൾ (ക്ലാമ്പ്) ഉപയോഗിച്ച് ഉറപ്പിക്കണം. (പിന്നീട് എളുപ്പത്തിൽ അഴിച്ചെടുക്കാൻ കഴിയുംവിധത്തിൽ ഘടിപ്പിക്കുക) L ആകൃതിയിലുള്ള കുഴൽ പൈപ്പിൻെറ മേൽഭാഗത്ത് ഘടിപ്പിക്കുന്നത് നല്ലതല്ല.

ഉയരം കൂടുതലുള്ള തറയിൽ അടുപ്പുണ്ടാക്കിക്കൂടാ. പാത്രങ്ങൾ എടുക്കുമ്പോഴും വെക്കുമ്പോഴും മറിഞ്ഞു

വീഴാനും അപകടം സംഭവിക്കാനും സാധ്യതയുണ്ട്. വീട്ടുകാരിഷ്ടപ്പെടാത്ത ഒരു നാശനഷ്ടവും അടുപ്പ് ഫിററു ചെയ്യുന്നതിനായി ഉണ്ടാക്കരുത്.

ഫിററ് ചെയ്യുമ്പോൾ ഓരോന്നിന്റെയും ആവശ്യകതയും അവയുടെ ഉപയോഗവും വീട്ടുകാരെ (സ്ത്രീകളെ പ്രത്യേകിച്ച്) പറഞ്ഞ് ബോധ്യപ്പെടുത്തണം. ഫിററിംഗ് കഴിഞ്ഞാൽ അടുപ്പ് ഉപയോഗിക്കേണ്ട വിധം പറഞ്ഞുകൊടുക്കുകയും, ചെയ്തു കാണിക്കുകയും വേണം. പിറേറ ദിവസം മുതൽ തന്നെ ഉപയോഗിച്ചു തുടങ്ങാമെന്നും, ഒരാഴ്ച കഴിഞ്ഞാൽ മാത്രമേ ശരിയായ ഗുണം മനസ്സിലാക്കാൻ പററൂ എന്നും വീട്ടുകാരെ ബോധ്യപ്പെടുത്തണം. തറ ഉണങ്ങുമ്പോൾ ഉണ്ടാകാവുന്ന കീറൽ അടക്കാൻ മണ്ണും ചാണകവും ചേർന്ന മിശ്രിതംകൊണ്ട് നന്നായി അമർത്തി മെഴുകുവാൻ നിർദ്ദേശിക്കണം. തറയുടെ വശങ്ങളിൽ സിമൻറ് തേക്കാവുന്നതാണ്. തീയുടെ വലിവ് നോക്കി ബാഫിളിന്റെ ഉയരം ക്രമീകരിച്ച് അടുപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ വീട്ടുകാരോട് നിർദേശിക്കുക.

വിറക് എത്രത്തോളം കുറക്കാമെന്നത് വീട്ടുകാരുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നു. വിറക് കൂടിയാൽ നന്നായി കത്തുകയില്ല. വിറക് കുറഞ്ഞാൽ കൂടുതൽ നന്നായി കത്തും. ഇക്കാര്യം ഊന്നിപറയണം.

ഒരു മുഖ്യ അടുപ്പ് മാത്രമേ ഉപയോഗിക്കുന്നുള്ളുവെങ്കിൽ രണ്ടാമത്തെ മുഖ്യ അടുപ്പിൽ നിന്ന് കൊടിയടുപ്പിലേക്കുള്ള കുഴൽ ചിരട്ടകൊണ്ട് അടക്കണം. അടുപ്പുപയോഗിക്കേണ്ടവിധം, തകരാറുകൾ വന്നാൽ ചെയ്യേണ്ട അററകുററപ്പണികൾ ഇവ സംബന്ധമായ അച്ചടിച്ച നിർദ്ദേശങ്ങൾ ഓരോ വീട്ടുകാരനും നൽകുന്നത് നന്ന്. അത് വാതലിൽ ഒട്ടിക്കുകയോ, കാർബോർഡിൽ ഒട്ടിച്ച് തൂക്കിയിടുകയോ ആകാം. വീട്ടുകാരന്റെ വിലാസം, ഫിററ്ചെയ്താളുടെ വിലാസം,ജില്ലാ ഓഫീസിന്റെ വിലാസം, ഇവയുൾക്കൊള്ളുന്ന കാർഡ് എല്ലാ വീട്ടുകാരനും നൽകണം. തകരാറുകൾ വന്നാൽ ഈ വിലാസവുമായി ബന്ധപ്പെടുവാൻ നിർദ്ദേശിക്കണം.

“പരിഷത്തടുപ്പ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്” എന്നച്ചടിച്ച സ്ററിക്കർ പൈപ്പിൻമേൽ ഒട്ടിക്കണം.

മോഡൽ11ആണ് സ്ഥാപിക്കുന്നതെങ്കിൽ തറയുടെ നീളം കുറക്കാം. മററല്ലാകാര്യങ്ങളും മേൽപറഞ്ഞതുപ്രകാരം തന്നെ ചെയ്യണം.

തറക്ക് വീതിയില്ലെങ്കിൽ

ചില വീടുകളിൽ 90×90 സെ മി തറകെട്ടാൻ നിവൃത്തിയുണ്ടായിരിക്കില്ല. വീതികുറക്കുകതന്നെ വേണം. അപ്പോൾ പരിഷത്ത് അടുപ്പ് മോഡൽ 1, 2 എന്നിവയുടെ സ്വല്പം പരിഷ്ക്കരിച്ച ഒരു ഡിസൈൻ ഉപയോഗിക്കാം. ഇവിടെ കൊടിയടുപ്പ് മുഖ്യഅടുപ്പുകളുടെ നടുവിൽ പിന്നോക്കം മാററി വക്കുന്നതിനുപകരം മുന്നോട്ടുനീക്കിവക്കുന്നു. 45–50 സെ മീ വീതിയുള്ള തറ മതിയാകും. നീളം 100 സെ മി യും. ഇത്രയും നീളം ലഭ്യമല്ലെങ്കിൽ മോഡൽ 11 വക്കുക. 60–70 സെ മീ മതിയാകും. ഈ പരിഷ്ക്കരിച്ച ഡിസൈൻ ദക്ഷതയിൽ 2–3 ശതമാനം കുറവുവരുത്തിയേക്കാം. തറക്ക് വീതിയില്ലാത്ത സന്ദർഭത്തിൽ മററു പോംവഴിയില്ലല്ലോ.

അററകുററപ്പണികൾ

കത്തിച്ചുതുടങ്ങി രണ്ടുദിവസം കഴിയുമ്പോൾ അടുപ്പിൻെറ ഗുണനിലവാരം വ്യക്തമാവും. അടുപ്പിനുണ്ടായേക്കാവുന്ന ഏതു ദോഷവും പരിഹരിക്കാവുന്നതേയുള്ളു.

വരാവുന്ന ചില ദോഷങ്ങളും പരിഹാരമാർഗങ്ങളും താഴെ കൊടുക്കുന്നു.

1. പുക പിറകിലേക്ക് വരിക—കൊടി അടുപ്പിൽ പാത്രം വെക്കാതിരിക്കുക, ബാഫിൾ കൂടുതൽ ഉയർന്നുപോവുക, കത്തിക്കാത്ത മുഖ്യ അടുപ്പിൽനിന്നുള്ള മാർഗം അടക്കാതിരിക്കുക, പൈപ്പിൻെറ കീഴ്ഭാഗത്ത് എവിടെയെങ്കിലും പുറത്തു നിന്നുള്ള വായു അകത്ത് കടക്കാൻ പാകത്തിൽ വിടവ് ഉണ്ടാക്കുക, പൈപ്പിൻെറ മേൽഭാഗത്ത് (വീടിനു പുറത്ത്) ശക്തിയായ കാററുള്ളതിനാൽ ചൂടുവായുവിന് പുറത്തുപോകാൻ പററാതാവുക, വഴി എവിടെയെങ്കിലും തടസ്സപ്പെടുക ഇവയൊക്കെ പുക പിറകോട്ട് വരാൻ കാരണമാകും. ഇതിലേതാണെന്ന് കണ്ടെത്തി പരിഹരിക്കണം.

2. വേവാൻ താമസം നേരിടുക— നന്നായി കത്തുന്നുണ്ടെങ്കിലും മുഖ്യ അടുപ്പിലെ പാത്രത്തിന് വേണ്ടത്ര ചൂടു കിട്ടാതായാൽ വേവാൻ താമസം വരും. ബാഫിളിൻെറ ഉയരം ആവശ്യമായ തോതിൽ കൂട്ടി ഇത് പരിഹരിക്കാം. ഉയരം കൂട്ടാൻ മണ്ണും ഉമിക്കരിയും ചേർന്ന മിശ്രിതംതന്നെ മതി.

3. മോൾഡു കീറുക—മണ്ണുകൊണ്ടുണ്ടാക്കുന്നതിനാൽ കുറെക്കാലം കഴിഞ്ഞാൽ മോൾഡിൽ കീറൽ വരാൻ ഇടയുണ്ട്. പാത്രങ്ങൾ ശക്തിയായി മോൾഡിൽ ഇടിച്ചാലും കീറൽ വരാം. ഈ സാധ്യത വീട്ടുകാരെ ബോധ്യപ്പെടുത്തണം. ചുണ്ണാമ്പ്, ശർക്കര, ഓട്ടിൻകഷണം പൊടിച്ചത് ഇവ സമം ചേർത്ത് കുഴച്ച് കീറിയ സ്ഥലത്ത് തേച്ചുപിടിച്ച് കീറൽ മാററുക. അത് നന്നായി ഉണങ്ങിയശേഷം കത്തിക്കാം. ഈ ജോലി വീട്ടുകാർക്കുതന്നെ ചെയ്യാവുന്നതേയുള്ളു.

4. കത്താതെ വരിക— പച്ച വിറക് ഉപയോഗിക്കുക, അടുപ്പ് നിറയെ വിറക് തിരുകിവെക്കുക, ഗ്രേററിങ്ങിൻെറ അഴികൾ പൂർണ്ണമായും അടഞ്ഞുപോവുക, വായുപ്രവാഹ മാർഗം അടയുക ഈ കാരണങ്ങളാൽ കത്താതെവരും. പച്ച വിറകും ഉണക്ക് വിറകും ഒന്നിച്ച് കത്തിക്കുന്ന ശീലം ചിലർക്കുണ്ട്. ഉണക്ക് വിറക് കത്തിയുണ്ടാകുന്ന ചൂട് പച്ചവിറക് ഉണങ്ങാനുപയോഗിക്കുന്നതിനാൽ ഇത് വലിയ നഷ്ടമാണ്. ഗ്രേററിങ്ങിൻെറ അഴികൾ എല്ലാ രാവിലെയും വൃത്തിയാക്കണം. അടഞ്ഞുകണ്ടാൽ കമ്പികൊണ്ടോ മറേറാ കനൽ ഒന്നനക്കിയാൽ അഴികൾ തുറക്കും. വായുപ്രവാഹ മാർഗം (പൈപ്പിൻെറ മേലററംവരെ) അടഞ്ഞതാണെങ്കിൽ അത് പരിഹരിക്കുക.

പൈപ്പ് അടയാൻ കരിയോ, പുറമെനിന്ന് വന്നുവീഴുന്ന ഇലകളോ കാരണമാകാം. പൈപ്പ് താങ്ങിയുടെ അടിയിലുള്ള വാതിൽ തുറന്ന് നീണ്ട കമ്പിയോ മറേറാ കടത്തി താഴെ ഭാഗത്തുള്ള കുഴപ്പം മാററാം. എന്നിട്ടും ശരിയാവുന്നില്ലെങ്കിൽ മേൽക്കൂരമേൽ കയറി പററിയ സാധനങ്ങൾ ഉപയോഗിച്ച് പൈപ്പിനകത്തെ കരിയും മററും കുത്തിക്കളയണം.

പൈപ്പു വൃത്തിയാക്കാനുള്ള സൗകര്യത്തിനായി അടിയിൽനിന്ന് മേലോട്ട് 3 അടി ഉയരത്തിൽവെച്ച് പൈപ്പ്

രണ്ടാക്കി മുറിച്ച് രണ്ടു കഷണവും തമ്മിൽ 3–4 ഇഞ്ച് വിടവ് വെച്ച് മേൽക്കഷണം ഉറപ്പിക്കുക. താഴെഭാഗം പൈപ്പ് താങ്ങിയിൽ വെച്ചശേഷം രണ്ടു കഷണവും ചേരുന്നവിടവിനു ചുററും ടിൻ കഷണമോ മററോ ചുററി കമ്പി കൊണ്ട് കെട്ടി വെക്കാം ഇത് പിന്നീട് വൃത്തിയാക്കാൻ എളുപ്പമാകും.

മൂന്നുമാസത്തിലൊരു പ്രാവശ്യം പൈപ്പ് വൃത്തിയാക്കണം. അതിനുമുമ്പ് പ്രശ്നങ്ങൾ വരികയാണെങ്കിൽ മാത്രം വൃത്തിയാക്കിയാൽ മതി.

ഗവൺമെൻറും അടുപ്പും

പരിഷത്ത് തയ്യാറാക്കിയ അടുപ്പു ഗവേഷണ പ്രോജക്ടിനാവശ്യമായ ധനസഹായം നൽകിയത് ശാസ്ത്രസാങ്കേതിക വകുപ്പാണ്. ഇത്തരം ഗവേഷണങ്ങൾക്ക് പ്രോൽസാഹനം നൽകുക, അടുപ്പുകളും മററ് ഊർജ ശേഖരണ മാർഗങ്ങളും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, പരിശീലിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര-സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പുകൾ ചെയ്യുന്നുണ്ട്. കേരളത്തിൽ ശാസ്ത്ര സാങ്കേതിക വകുപ്പിൻെറ ഉപവിഭാഗമായ ANERT (Agency for Nonconventional Energy and Rural Technology ആണ് ഈ കാര്യങ്ങൾ ചെയ്യുന്നത്.

അടുപ്പുകൾ സ്ഥാപിച്ച വീട്ടുകാർക്ക് ഗവൺമെൻറ് സബ്സിഡി നൽകുന്നുണ്ട്. പരിഷത്തടുപ്പ് മോഡൽ 21 ന് 71 രൂപയും മോഡൽ 11 ന് 38 രൂപയും ആണ് സബ്സിഡി. അടുപ്പു സ്ഥാപിച്ചതിനുള്ള രേഖകൾ ഹാജരാക്കിയാൽ സബ്സിഡി തുക കിട്ടും.

അടുപ്പ് ഫിററർമാരെ പരിശീലിപ്പിക്കാനുള്ള ട്രെയിനിങ്ങ് ക്ലാസുകൾ നടത്താനും ധനസഹായം നൽകുന്നുണ്ട്. 10000 രൂപയാണ് ഒരു ക്യാമ്പിന് നൽകുക. 20 ട്രെയിനികൾ 10 ദിവസം കൊണ്ട് 60 അടുപ്പുകൾ സ്ഥാപിക്കണം. ട്രെയിനികൾക്ക് 20 രൂപ വീതം പ്രതിദിനംബത്തയുംവീട്ടുകാർക്ക് 50 രൂപ സബ്സിഡിയും നൽകും. (ആ വീട്ടുകാർക്ക് വേറെ സബ്സിഡി കിട്ടുന്നതല്ല.)10000 രൂപയിൽ

4000 രൂപ ട്രെയിനികളുടെ ബത്തയും, 3000 രൂപ സബ്സിഡിയും,3000 രൂപ മററുചെലവുകരംക്കുമാണ്. ക്യാമ്പ് കഴിയുന്നതോടെ കൃത്യമായ കണക്കുകളും വൗച്ചറുകളും ഹാജരാക്കണം.

അടുപ്പ് വ്യാപനം

ഒററയൊററ അടുപ്പുകരം സ്ഥാപിക്കുന്നതിനുപകരം ഓരോ പഞ്ചായത്തിലും 100 അടുപ്പു വീതമുള്ള ഫിററിങ്ങ് ക്യാമ്പുകരം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ ഉണ്ടാക്കുന്ന തുടർച്ചയായ ഫിററിങ്ങ് ക്യാമ്പുകളുടെ പ്ളാൻ അനുസരിച്ചാണ് ഇത് നടക്കുക. വരുന്ന രണ്ടു മാസത്തേക്കുള്ള പ്ളാൻ ഏതു സമയവും ജില്ലാകമ്മററി ഉണ്ടാക്കിയിരിക്കണം. ഇതുണ്ടായാൽ മാത്രമേ സാധനങ്ങരം, ഫിററർമാർ, വീട്ടുകാരെ കണ്ടെത്തൽ, ധനസമാഹരണം ഇവയൊക്കെ ചിട്ടയായി നടത്താൻ കഴിയുകയുള്ളു.

വീട്ടുകാരിൽനിന്ന് 151 രൂപ വീതമാണ് ഇപ്പോരം വാങ്ങുന്നത്. ഇഷ്ടികകൂടി കൊടുക്കുന്നുവെങ്കിൽ അതിൻെറ വിലയും എത്തിക്കാനുള്ള ചെലവും വേറെ വാങ്ങണം. വാങ്ങുന്ന തുകക്ക് റസീററുകൊടുക്കണം. റെഡ്യൂസർ കൊടുക്കുന്നുണ്ടെങ്കിൽ അതിൻെറ വിലയും വേറെ വാങ്ങണം.

ഫിററിങ്ങ് ക്യാമ്പുകളുടെ വിവിധ ഘട്ടങ്ങൾ

1. ജില്ലാ കമ്മററി കൊടുത്ത ക്വാട്ടയനുസരിച്ച് മേഖലാകമ്മററി പഞ്ചായത്തുകരം നിശ്ചയിച്ച് യൂണിററുകളെ ചുമതലയേൽപ്പിക്കുന്നു. വിവരം ജില്ലാകമ്മിററിയെ ഏൽപിക്കുന്നു, ക്യാമ്പിന് 40 ദിവസം മുമ്പേ.

2. അടുപ്പു വ്യാപന കമ്മററി രൂപീകരണം: ക്യാമ്പിന് ഒരു മാസം മുമ്പേ. ചുമതല: യൂണിററ്+മേഖല

3. വീട്ടുകാരെ നിശ്ചയിക്കൽ, ധനസമാഹരണം. കമ്മററി രൂപീകരണത്തിനുശേഷം ഒരാഴ്ചക്കകം.
ചുമതല: യൂണിററ്+മേഖല

4. വീടുകളിലെ തയ്യാറെടുപ്പുകരം(തറ, സാധനങ്ങരം)
ചുമതല: യൂണിററ്

5. മോറംഡ് തുടങ്ങിയവ ജില്ലാകമ്മററി യൂണിററ് കേന്ദ്രത്തിൽ എത്തിക്കുന്നു. ഒരാഴ്ചമുമ്പേ.

6. സാധനങ്ങരം വീട്ടുകാരുടെ സഹായത്തോടെ വീടുകളിൽ എത്തിക്കുന്നു. ചുമതല: യൂണിററ്

7. വീട്ടുകാരുടെയും, ഫിററർമാരുടെയും യോഗം, ക്ളാസ്–മൂന്നു ദിവസം മുമ്പേ. ചുമതല: മേഖല

8. ഫിററിങ്ങ് (പരമാവധി ഒരാഴ്ച).

100 അടുപ്പുകരംക്ക് 10 ഫിററർമാർ.
ഫിററർമാരെ എത്തിക്കൽ–ചുമതല: ജില്ല
ഫിററിങ്ങ് മേൽനോട്ടം–മേഖല+യൂണിററ്

9. ഇവാലേഷൻ–രണ്ടാമത്തെ ആഴ്ചയിൽ
ചുമതല: മേഖല

ഫിററിങ് കഴിയുന്നതോടെ കംപ്ലീഷൻ സർട്ടിഫിക്കററുകരം, സബ്സിഡി റസീററ് ഇവയുടെ ഫോറങ്ങരം ഫിററർമാർതന്നെ പൂരിപ്പിച്ച് മേഖലാ ചുമതലക്കാരനെ ഏൽപ്പിക്കണം. ഇവാലേഷൻ ഫോറം വീടുകളിൽ വെച്ചാരം മതി. രണ്ടാമത്തെ ആഴ്ചയിൽ മേഖലാപ്രവർത്തകർചെല്ലുമ്പോരം അവ പൂരിപ്പിച്ച് കൊണ്ടുവരണം. അടുപ്പ് പരിശോധിക്കുകയും വീട്ടുകാരുടെ അനുഭവങ്ങരം കേരംക്കുകയും ചെയ്ത ശേഷമേ പൂരിപ്പിക്കാവൂ.

പരിശോധനയിൽ തകരാറുകാണുകയാണെങ്കിൽ അപ്പോരംതന്നെ ശരിയാക്കി കൊടുക്കുകയോ പരിഹരിക്കാനുള്ള പരിശീലനം വീട്ടുകാർക്ക് നൽകുകയോ ചെയ്യുക. കാര്യമായ കുഴപ്പമുണ്ടെങ്കിൽ രണ്ടു ദിവസത്തിനകം പററിയ ഒരു പ്രവർത്തകൻ ചെന്ന് റിപ്പേർ നടത്തണം. റിപ്പേറിങ്ങിനുള്ള വിദഗ്ധരെ മുൻകൂട്ടി മേഖലാകമ്മററി നിശ്ചയിക്കുന്നത് സൗകര്യമാവും.

ഫിററു ചെയ്യുന്നയാരംക്ക് നിശ്ചയിച്ച കൂലി അപ്പോരംത്തന്നെ നൽകുകയോ മാസാവസാനം ഒന്നിച്ചുനൽകുകയോ ചെയ്യാം. ഫിററുചെയ്യുന്നയാരം ജില്ലാ-മേഖലാകമ്മിററികളുടെ നിർദേശാനുസരണം റിപ്പേർ ചെയ്യുവാൻ കൂടി സന്നദ്ധനാകണം. മാത്രമല്ല ഒരു നല്ല പരിഷത് പ്രവർത്തകൻ കൂടിയാകണം. ഒരു അടുപ്പ് ഫിററർ എന്നതിനാൽ മററ്

പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻകൂടി സന്നദ്ധനാകണം.

ഫിററിങ്ങ് സമയത്ത് പരിഷത്തിൻെറ പ്രവർത്തനങ്ങൾ വീട്ടുകാരോട് വിശദീകരിക്കാൻ ഫിററർമാർക്ക് കഴിയണം. ഫിററിങ്ങിനുപോകുമ്പോൾ പുസ്തകങ്ങൾ മാസികാറസീററ് ഇവ കൂടി കൊണ്ടുപോകണം. ഫിററിങ്ങ് കഴിഞ്ഞ് തിരിച്ചുവരുന്നതിനുമുമ്പ് ആവശ്യമുള്ള പുസ്തകങ്ങൾ വീട്ടുകാർക്ക് നൽകണം. ഒരു സ്ഥലത്തെ ക്യാമ്പ് കഴിയുമ്പോൾ അവിടത്തെ പുസ്തകകണക്കെല്ലാം മേഖലാചുമതലക്കാരനുമായി തീർത്തിരിക്കണം. ആവശ്യമായ പുസ്തകങ്ങളും മാസികാറസീററ് ബുക്കുകളും യൂണിററിൽ എത്തിക്കാനുള്ള ചുമതല മേഖലാ കമ്മിററിക്കുണ്ട്.

പാക്കേജ് പരിപാടി

ഫിററിംഗ് ക്യാമ്പ് എന്നത് ഒരു പാക്കേജ് പരിപാടിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. മാസികാ-പുസ്തക പ്രചരണം, വിവിധ ക്ളാസുകൾ, കലാപരിപാടികൾ, പ്രഭാഷണങ്ങൾ, സ്ളൈഡ്ഷോ, ഫിലിംഷോ അടുപ്പിൻെറ ദക്ഷതാപരിശോധനകൾ (വിദ്യാർഥികൾക്ക്), ബാലവേദി പ്രവർത്തനങ്ങൾ, വിവിധ ആരോഗ്യ പ്രവർത്തനങ്ങൾ, മൽസരങ്ങൾ, കച്ചിപ്പെട്ടി നിർമ്മാണ പരിശീലനം—ഇത്തരം നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. അടുപ്പു വ്യാപന കമ്മററി രൂപീകരിക്കുമ്പോൾ ഈ പാക്കേജ് പരിപാടിയാണ് അവതരിപ്പിക്കേണ്ടത്. പ്രസ്തുത കമ്മററി മേഖലാ കമ്മററിയുടെകൂടി സഹായത്തോടെ അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

അടുപ്പിൻെറ ദക്ഷതാ പരീക്ഷണം വീട്ടുകാരെ കണ്ടെത്തുന്നതിന് മുമ്പ് പൊതു സ്ഥലത്തുവെച്ച് രണ്ടോ മൂന്നോ ദിവസം വൈകുന്നേരങ്ങളിൽ ചെയ്യാം. അങ്ങനെ ചെയ്യുന്നത് പ്രചരണത്തിനും വീട്ടുകാരെ കണ്ടെത്തൽ എളുപ്പമാക്കാനും സഹായിക്കും. അടുപ്പ് കാര്യക്ഷമമായി ഉപയോഗിക്കുന്ന വിധം ചെയ്തുകാണിച്ചുകൊണ്ട് വിശദീകരിക്കണം. (ഉദാ—തിളച്ചുകഴിഞ്ഞയുടനെ കൊടി അടുപ്പിലേക്ക് മാററുക, കൊടി അടുപ്പിൽ നിന്നോ, മുഖ്യ അടുപ്പിലെ പാത്രത്തിൻമേൽ വെച്ച ചെറിയ പാത്രത്തിൽ നിന്നോ ചൂടു

വെള്ളം മാത്രം പാചകത്തിനും മററും ഉപയോഗിക്കുക, നന്നായി തിളച്ചുകഴിഞ്ഞയുടൻ കച്ചിപ്പെട്ടിയിലേക്ക് മാററുക തുടങ്ങിയവ.)

അടുപ്പ് വ്യാപന കമ്മററി

അടുപ്പുപ്രവർത്തനം പരിഷത് പ്രവർത്തകർ മാത്രം നടത്തേണ്ടതല്ല. വിവിധ സംഘടനകഠം, സ്ഥാപനങ്ങഠം, നാട്ടുകാർ ഇവരൊക്കെ ഉഠംപ്പെട്ട ഒരു ജനകീയ കമ്മററിയാണ് അടുപ്പ് ക്യാമ്പുകഠംക്ക് നേതൃത്വം നൽകേണ്ടത്. സാമ്പത്തികച്ചെലവുകഠം കഴിയുന്നത്ര ഒഴിവാക്കാൻ കമ്മററിക്ക് കഴിയണം. ക്യാമ്പിനായി യാതൊരുതരത്തിലുള്ള പണപ്പിരിവുകളും അനുവദനീയമല്ല.

പരിഷത്തും അടുപ്പ് ഉപഭോക്താവും

അടുപ്പ് ഇനത്തിൽ നിശ്ചയിച്ച തുകയിൽ കവിഞ്ഞ് അടുപ്പ് വകയിൽ യാതൊന്നും വാങ്ങിക്കൂടാ. കുറച്ചുമാസം മുമ്പുവരെ 175 രൂപയായിരുന്നു വീട്ടുകാരിൽനിന്ന് വാങ്ങിയിരുന്നത്. വലിയ തോതിലുള്ള അടുപ്പ് പ്രവർത്തനത്തിലൂടെ ചെലവ് കുറക്കാൻ കഴിഞ്ഞതിനാലാണ് 151 രൂപയാക്കി കുറക്കാൻ കഴിഞ്ഞത്. കുറെക്കൂടി ശ്രമിച്ചാൽ ഇനിയും കുറക്കാൻ കഴിഞ്ഞേക്കും. പരിഷത്തിൻെറ ശ്രമത്തിൻെറ നേട്ടം ഉപഭോക്താവിനുണ്ടാകണമെന്നാണ് പരിഷത്ത് ഉദ്ദേശിക്കുന്നത്.

പരിഷത്തടുപ്പ് ഉപയോഗിക്കുന്നതിനാൽ വീട്ടുകാർക്ക് പ്രകടമായ സാമ്പത്തികമെച്ചം ഉണ്ടാവുമെന്ന് ഇതിനകം തെളിഞ്ഞിട്ടുണ്ട്. കാര്യക്ഷമമായ ഉപയോഗത്തിലൂടെ കൂടുതൽ മെച്ചമുണ്ടാക്കാനുള്ള പരിശീലനം നൽകുവാൻ പരിഷത്ത് പ്രവർത്തകർക്ക് ബാധ്യതയുണ്ട്. ഇതിനായി ഇടക്കിടെ അടുപ്പ് ഫിററുചെയ്ത വീടുകഠം സ്കാഡുകളായി സന്ദർശിക്കുവാൻ യൂണിററുകഠം ശ്രദ്ധിക്കണം. അടുപ്പ് പരിശോധിക്കുക, ആവശ്യമാകുന്ന നിർദ്ദേശങ്ങഠം നൽകുക, വീട്ടുകാരുമായി പരിഷത്ത് കാര്യങ്ങഠം ചർച്ച ചെയ്യുക, അവർക്കാവശ്യമായ പരിഷത്ത് മാസികകഠം, പുസ്തകങ്ങഠം ഇ വ നൽകുക, പരിഷത്തിൻെറ പ്രവർത്തന

ങ്ങളിൽ പങ്കെടുക്കുവാൻ അഭ്യർഥിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി ഈ സന്ദർശനം പ്രയോജനപ്പെടുത്താവുന്നതാണ്. സന്ദർശനം മാസത്തിൽ ഒരു തവണ യൂണിററ് പ്ലാൻ ചെയ്ത് നടത്തണം. അടുപ്പ് സംബന്ധമായ ഒരു പരാതിയും മാററിവെക്കാതെ അപ്പപ്പോൾ പരിഹരിക്കുവാനുള്ള ബാധ്യത യൂണിററുകൾക്ക് ഉണ്ട്.

പരസ്പരസൗഹൃദംവളർത്തിയെടുക്കുന്നതിനും, എല്ലാററിനുമുപരി മനുഷ്യൻെറ സാമൂഹ്യ അഭിവൃദ്ധിക്ക് മുൻതൂക്കം നൽകുവാനുള്ള ബോധം രൂഢമൂലമാക്കുവാനും പരിഷത്തടുപ്പിനെ ഒരു ഉപകരണമാക്കിമാററാൻ പരിഷത്ത് പ്രവർത്തകർക്ക് കഴിയണം.

കച്ചിപ്പെട്ടി

ഒരു തേയിലപ്പെട്ടി (അതുപോലുള്ള കുചാലകമായ മറെറാരു പെട്ടിയാകാം) കച്ചി (വൈയ്ക്കോൽ) ഇവയുണ്ടായാൽ കച്ചിപ്പെട്ടിയുണ്ടാക്കാം. പെട്ടിയിൽ വൈയ്ക്കോൽ നിറച്ച് പാത്രം താഴ്ത്തിവെയ്ക്കാൻ പാകമായ കുഴി വൈക്കോലിനിടയിൽ ഉണ്ടാക്കുക. വൈക്കോൽ പൊതിയാൻ കട്ടിയുള്ള തുണികളോ, വൃത്തിയാക്കിയ ചാക്കോ ഉപയോഗിക്കാം. തിളച്ചുകഴിഞ്ഞാൽ പാത്രം കുഴിയിൽ ഇറക്കിവെച്ച് അടപ്പ് കൊണ്ട് അടക്കുക. അതിൻമേൽ വൈക്കോൽ നിറച്ച ഒരു സഞ്ചി വെച്ചശേഷം പെട്ടിയുടെ അടപ്പ് കൊണ്ട് അടക്കുക. പാത്രത്തിൻെറ എല്ലാഭാഗത്തും പൊതിഞ്ഞിരിക്കുന്ന വൈക്കോൽ പാത്രത്തിനകത്തുള്ള ചൂട് പുറത്ത് പോകാൻ അനുവദിക്കുന്നില്ല. താപം നിലനിൽക്കുന്നതിനാൽ ആഹാരസാധനം ആവശ്യമായ സമയംകൊണ്ട് വേവുന്നു. ഉപയോഗത്തിലൂടെ ഈ സമയം എത്രയെന്ന് കണ്ടുപിടിക്കാം. ചൂടുള്ള ആഹാരസാധനങ്ങൾ തണുക്കാതിരിക്കാനും കച്ചിപ്പെട്ടി ഉപയോഗിക്കാം.

ഒരു ശാസ്ത്രപ്രസ്ഥാനം എന്ന നിലയിൽ കേവലമായ ഒരു അടുപ്പ് ഫിററിങ്ങ് നടത്തുന്നതിൽ അർഥമില്ല. ശാസ്ത്രത്തിൻെറ സന്ദേശം ജനങ്ങളിൽ വ്യാപിപ്പിക്കുന്നതിനും, പരിഷത്ത് പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും, പ്രസ്ഥാനത്തെ കൂടുതൽ വ്യാപിപ്പിക്കുന്നതിനും,

ശക്തിപ്പെടുത്തുന്നതിനും ഉള്ള ഒരു മാർഗമായിട്ടു കൂടിയാണ് പരിഷത്ത് അടുപ്പ് പ്രവർത്തനത്തെ കാണുന്നത്.

അതിനാൽ ഇതുമായി ബന്ധപ്പെടുന്ന ഓരോ പ്രവർത്തകനും എല്ലാ വശങ്ങളും മനസിലാക്കുകയും, പ്രയോജനം പരമാവധിയാക്കാൻ ശ്രദ്ധിക്കുകയുംവേണം. ഇതോടൊപ്പം തന്നെ അടുപ്പ് മെച്ചപ്പെടുത്തൽ, അനുബന്ധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കൽ, വീടുകളുമായുള്ള ബന്ധം ഫലപ്രദമാക്കൽ എന്നിവയെപ്പററി കൂടുതൽ ചർച്ച ചെയ്യുകയും പ്രായോഗികമായ നിർദേശങ്ങൾ മേഖലാതലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന കമ്മററിക്ക് എത്തിക്കുകയും ചെയ്യണം. ഇങ്ങനെ ചെയ്യുന്നത് മററു പ്രവർത്തകർക്കും സഹായകമാവും.

Dr. M.P. Parameswaran